പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 156 10.03.2020-ൽ മറുപടിക്ക്

## സമഗ്ര ട്രോമാകെയർ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.വി.ആർ.സുനിൽ കുമാർ | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സമഗ്ര ട്രോമാകെയർ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ മെഡിക്കൽ കോളേജ്/ജനറൽ/ജില്ല /താലൂക്ക് ആശുപത്രികളിലെ അത്യാഹിത വിഭാഗം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | **ജനറൽ/ജില്ല/താലൂക്ക് ആശുപത്രികളിലെ അത്യാഹിത വിഭാഗം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു**<br><br>സംസ്ഥാനത്തെ ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രികളിലെ അത്യാഹിത വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി "അടിയന്തിര വൈദ്യ ശുശ്രൂഷ ശക്തിപ്പെടുത്തൽ" എന്ന പദ്ധതി വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പാക്കി വരുന്നു. 2019-2020 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി 2210-01-110-13 എന്ന ശീർഷകത്തിൽ 1300 ലക്ഷം രൂപക്ക് ഭരണാനുമതി നൽകിയിരുന്നു. സംസ്ഥാനത്തെ വിവിധ ജില്ലാ/ജനറൽ/ താലൂക്ക് ആശുപത്രികളിലെ ട്രോമാകെയർ യൂണിറ്റുകളിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനാണ് ഈ തുക വിനിയോഗിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഈ പദ്ധതിക്കായി 2016-17 സാമ്പത്തിക വർഷത്തിൽ 2.5 കോടി രൂപയും, 2017-18 ൽ 11.35 കോടി രൂപയും, 2018-19 ൽ 4.85 കോടി രൂപയും ഭരണാനുമതി നൽകിയിരുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br>എമർജൻസി മെഡിക്കൽ കെയറിന്റെ ഭാഗമായി മെഡിക്കൽ ചികിത്സയും ട്രോമാ സംബന്ധമായ ചികിത്സക്കും വളരെയേറെ പ്രാധാന്യം നൽകി വരുന്നു. അത്യാഹിത |

| | | | |
|---|---|---|---|
| | | | വിഭാഗങ്ങളിൽ എല്ലാവിധ അടിയന്തിര ചികിത്സയും ലഭ്യമാണ്. നാഷണൽ പ്ലാനിംഗ് ആന്റ് റിസർച്ച് സെന്റർ (എൻ.എ.ടി.പി.എ.സി) ഘട്ടംഘട്ടമായി നടത്തിയ സർവ്വേയിൽ തിരിച്ചറിഞ്ഞിട്ടുള്ള Black spot കളുടെ സമീപത്തുള്ള തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ ട്രോമാ/അത്യാഹിതം എന്നീ അടിയന്തിര ചികിത്സാ രീതി നടപ്പിലാക്കി വരുന്നു. ദേശീയ പാതയുടെ അരികിലുള്ള സർക്കാർ സ്ഥാപനങ്ങളിൽ ട്രോമാകെയർ സൗകര്യം ഏർപ്പെടുത്തി വരുന്നു. 52 സ്ഥാപനങ്ങളിൽ ട്രോമാകെയർ സൗകര്യം ലഭ്യമാക്കുവാൻ തെരഞ്ഞെടുത്തിട്ടുണ്ട്. ജില്ലാ ആശുപത്രി പാലക്കാട്, ജില്ലാ ആശുപത്രി കണ്ണൂർ, ജനറൽ ആശുപത്രി എറണാകുളം എന്നീ സ്ഥാപനങ്ങളിൽ ആവശ്യമായ സൗകര്യം നിലവിൽ ലഭ്യമാണ്.<br>**<u>ലെവൽ നാല് ട്രോമാകെയർ</u>** - ട്രോമാകെയർ ചികിത്സക്ക് പൂർണ്ണമായി സജ്ജമാക്കിയ ആംബുലൻസുകൾ മുഖേനയാണ് ലെവൽ നാല് കെയർ നൽകുന്നത്. ഇതിന് Trained Emergency Technician ന്റെ സഹായം നൽകുന്നുണ്ട്.<br>**<u>ലെവൽ മൂന്ന് ട്രോമാകെയർ</u>** - ദേശീയ പാതയോട് ചേർന്നുള്ള 52 സ്ഥാപനങ്ങളിൽ ട്രോമാകെയർ സൗകര്യം ഏർപ്പെടുത്തി വരുന്നു (വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു). ഇതിൽ ജില്ലാ ആശുപത്രി കണ്ണൂർ, ജില്ലാ ആശുപത്രി, പാലക്കാട് എന്നീ സ്ഥാപനങ്ങളിൽ ലെവൽ 3 ട്രോമാകെയർ നിലവിൽ വന്നിട്ടുണ്ട്.<br>**<u>ലെവൽ രണ്ട് ട്രോമാകെയർ</u>** - അതീവ ഗുരുതരാവസ്ഥയിൽ വരുന്ന ട്രോമാ രോഗികൾക്ക് എമർജൻസി ഫിസിഷ്യൻ, സർജൻ, ഓർത്തോപീഡിക്സ്, അനസ്തേഷ്യസ്റ്റ് ഇവരുടെ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. On call basis ൽ ന്യൂറോ സർജനേയും ഏർപ്പെടുത്തേണ്ടതുണ്ട്. ഇപ്പോൾ എറണാകുളം ജനറൽ ആശുപത്രിയിൽ ഈ സൗകര്യം ലഭ്യമാണ്.<br>**<u>ലെവൽ ഒന്ന് ട്രോമാകെയർ</u>** - അത്യാധുനിക ചികിത്സാ മെഡിക്കൽ കോളേജ് ആശുപത്രികളിൽ മാത്രം നൽകി വരുന്നു. ലെവൽ 1 ട്രോമാകെയർ സൗകര്യം ഏർപ്പെടുത്തുന്നതിന് താഴെ പറയുന്ന സൗകര്യം ഏർപ്പെടുത്തേണ്ടതുണ്ട്.<br><br>1) Trauma Care facilities (levels 1,2,3 &4)<br>2) Network of basic life support Ambulances<br>3) Training of Doctors, Staff Nurses and Attenders. |

4) Implementing triage system in all Institutions

**പരിശീലന പരിപാടി**

എല്ലാ വർഷവും ഡോക്ടർമാർ, സ്റ്റാഫ് നഴ്സ്, നഴ്സിംഗ് അസിസ്റ്റന്റ്, അറ്റൻഡർമാർ എന്നിവർക്ക് പരിശീലനം നൽകി വരുന്നു. 2014-15 ൽ AIIMS ൽ 16 ഡോക്ടർമാർക്കും 15 നഴ്സിംഗ് വിഭാഗക്കാർക്കും 2015-16 ൽ സംസ്ഥാന തലത്തിൽ 302 ഡോക്ടർമാർക്കും 260 നഴ്സിംഗ് വിഭാഗക്കാർക്കും ജില്ലാ തലത്തിൽ 129 ഡോക്ടർമാർക്കും 39 നഴ്സിംഗ് വിഭാഗക്കാർക്കും ട്രോമാ സ്റ്റെബിലൈസേഷൻ വിഷയമാക്കി 16 ഡോക്ടർമാർക്കും 15 നഴ്സിംഗ് വിഭാഗക്കാർക്കുംപരിശീലനം നൽകുകയുണ്ടായി. 2016-17 കാലയളവിൽ ജില്ലാ തലത്തിൽ 300 ഡോക്ടർമാർക്കും 55 നഴ്സിംഗ് വിഭാഗക്കാർക്കും പരിശീലനം നൽകിയിട്ടുണ്ട്. 2017-18 കാലയളവിൽ ജില്ലാ തലത്തിൽ 28 ഡോക്ടർമാർക്കും 28 നഴ്സിംഗ് വിഭാഗക്കാർക്കും AIIMS ൽ വച്ച് 11 ഡോക്ടർമാർക്കും 120 നഴ്സിംഗ് വിഭാഗക്കാർക്കും 274 ഡ്രൈവർമാർക്കും പരിശീലനം നൽകുകയുണ്ടായി. 2019-20 പ്ലാൻ ഫണ്ട് ട്രോമാകെയർ പരിശീലനം നൽകുന്നതിനായി 90 ഡോക്ടർമാർക്കും 90 സ്റ്റാഫ് നഴ്സമാർക്കും 90 അറ്റൻഡർ/നഴ്സിംഗ് അസിസ്റ്റന്റമാർക്കും പരിശീലനം നൽകുകയുണ്ടായി. തുടർ ട്രെയിനിംഗുകളും നൽകി വരുന്നു.

**National Burns & Trauma Project 2016**

എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ജനറൽ ആശുപത്രി എറണാകുളം, ജില്ലാ ആശുപത്രി കണ്ണൂർ, പാലക്കാട് എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യം വികസിപ്പിച്ചിട്ടുണ്ട്. കേരളാ റോഡ് സേഫ്റ്റി അതോറിട്ടി മുഖേന 14 സ്ഥാപനങ്ങളിൽ മൈനർ വർക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി 2.53 കോടി രൂപ അനുവദിച്ചതിൽ ആംബുലൻസുകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ആർദ്രം മിഷൻ മുഖേന 97 കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരെ വിവിധ കാഷ്വാലിറ്റികളിൽ നിയമിച്ചു. ഇതിൽ 49 തസ്തികകൾ ലെവൽ 2, ലെവൽ 3 ട്രോമാകെയർ സൗകര്യത്തിനായി സൃഷ്ടിച്ചിട്ടുള്ളതാണ്. കൂടാതെ 8 ഓർത്തോപീഡിക്സ്, 8 അനസ്തേഷ്യസ്റ്റ്, 3 സർജൻസ്, 7 റേഡിയോളജിസ്റ്റ് എന്നീ സ്പെഷ്യലിസ്റ്റ് തസ്തികകൾ ട്രോമാകെയറിന് വേണ്ടി തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ സൃഷ്ടിച്ചിട്ടുണ്ട്..

**ട്രയേജ് സിസ്റ്റം**

എല്ലാ ജനറൽ ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും, താലൂക്ക് ആശുപത്രികളിലും ട്രയേജ് സിസ്റ്റം നടപ്പിലാക്കി വരുന്നു.

**മെഡിക്കൽ കോളേജ് ആശുപത്രികളിലെ അത്യാഹിത വിഭാഗം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു**

ട്രോമാ കെയർ-നാഷണൽ ഹൈവേസ് എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട് എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിനെ ലെവൽ 1 ട്രോമാകെയർ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഒന്നാം ഘട്ട കേന്ദ്രവിഹിതമായി 504 ലക്ഷം രൂപ കേന്ദ്രവിഹിതവും 336 ലക്ഷം രൂപ സംസ്ഥാന വിഹിതവും നൽകുകയുണ്ടായി. ടി പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് വേണ്ടിയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിനെ ലെവൽ 2 ട്രോമാകെയർ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഒന്നാം ഘട്ട കേന്ദ്രവിഹിതമായി 367.5 ലക്ഷം രൂപ കേന്ദ്രവിഹിതവും 71 ലക്ഷം രൂപ സംസ്ഥാന വിഹിതവും നൽകുകയുണ്ടായി. ടി മെഡിക്കൽ കോളേജിൽ ട്രോമാകെയർ സംവിധാനം സംബന്ധിച്ചുള്ള ജോലികൾ പൂർത്തീകരിച്ചു വരുന്നു. ഉപകരണങ്ങൾ വാങ്ങുന്നത് സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ട്രോമാകെയർ പദ്ധതിയുടെ ഭാഗമായി കേന്ദ്രവിഹിതമായി 4.5 കോടി രൂപയും, സംസ്ഥാന വിഹിതമായി 3 കോടി രൂപയും ചേർത്ത് ആകെ 7.5 കോടി രൂപ നൽകിയിട്ടുണ്ട്. ഇതിൽ 2.5 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് നിർമ്മാണ പ്രവർത്തനങ്ങൾക്കായി നല്കുകയും, 5 കോടി രൂപയ്ക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു.

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ സമഗ്ര

| | | | |
|---|---|---|---|
| | | | ട്രോമാകെയർ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അത്യാഹിത വിഭാഗത്തിൽ എമർജൻസി മെഡിസിൻ ഡിപ്പാർട്ടുമെന്റ് ആരംഭിച്ചിട്ടുണ്ട്.തിരുവനന്തപുരം മെഡിക്കൽ കോളേജിൻെറ അത്യാഹിതവിഭാഗം ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായി അദ്ധ്യാപക അനദ്ധ്യാപക മേഖലയിൽ 106 തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എമർജൻസി ഐ.സി. യുവിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അത്യാഹിത വിഭാഗത്തിലായി സാധന സാമഗ്രികളുടെ 90% വാങ്ങിച്ചു കഴിഞ്ഞു. സിവിൽ ജോലികളുടെ പൂർത്തീകരണം അന്തിമ ഘട്ടത്തിലാണ്. പാരിപ്പള്ളി (കൊല്ലം) മെഡിക്കൽ കോളേജിൽ മികച്ച ട്രോമാ കെയർ സംവിധാനം ഒരുക്കുന്നതിനായി 5 കോടി രൂപ അനുവദിക്കുകയും ആയതിൻെറ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br>കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ സമഗ്ര ട്രോമാകെയർ പദ്ധതി 2018 ആഗസ്റ്റ് 1 ന് പ്രവർത്തനം ആരംഭിച്ചു. അത്യാഹിത വിഭാഗം ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായി മെഡിക്കൽ കോളേജ് അദ്ധ്യാപകരുടെ 17 തസ്തികകൾ സൃഷ്ടിച്ചു . ഇതുകൂടാതെ 20 സെക്യൂരിറ്റി ജീവനക്കാരെ പുതുതായി നിയമിച്ചുകൊണ്ട് രോഗികളുടെയും കൂട്ടിരിപ്പുകാരുടെയും അനിയന്ത്രിതമായ പ്രവേശനം തടയാൻ സാധിച്ചു. രോഗികളെ ഷിഫ്റ്റു ചെയ്യുന്നതിന് ട്രോളികളുടെ എണ്ണം 50 ആക്കി ഷിഫ്റ്റിംഗ് സ്റ്റാഫ് കുടുംബശ്രീക്കാരെ അധികമായി നിയമിച്ചു. ട്രയാജ് സിസ്റ്റം നിലവിൽ വന്നു. റെഡ്, യെല്ലോ, ഗ്രീൻ സോൺസ് എന്നിങ്ങനെ രോഗത്തിന്റെ കാഠിന്യമനുസരിച്ച് തരംതിരിച്ചാണ് രോഗികളെ ഓരോ ഏരിയയിലേയ്ക്കും കൺസൾട്ടേഷന് വേണ്ടി വിടുന്നത്. സ്പെഷ്യാലിറ്റികളായ ഒഫ്ത്താൽമോളജി, ഒ.എം.എഫ്.എസ്, ഇ.എൻ.റ്റി എന്നീ ഡിപ്പാർട്ടുമെന്റുകൾ അത്യാഹിത വിഭാഗത്തിനകത്തു തന്നെയുണ്ട്. റെഡ് സോണിൽ ആധുനിക സൗകര്യങ്ങളായ Fast Machine, 2 Ventillators, 2 BIPOP Machine എന്നിവയുടെ സൗകര്യം ഉണ്ട്. ട്രയാജിൽ വിറ്റൽ മോണിറ്റർ ചെയ്യാനുള്ള പുതിയ 2 മെഷീനുകൾ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ആക്സിഡന്റായി വരുന്ന രോഗികൾക്ക് സി.റ്റി സ്കാൻ, എക്സ്റേ, അൾട്രാസൗണ്ട് സ്കാൻ എന്നീ സംവിധാനങ്ങൾ അത്യാഹിത |

| | | | |
|---|---|---|---|
| | | | വിഭാഗത്തിനകത്തു ഒരുക്കി. Lab Facilities ആയ Trop T, ABG എന്നിവ നിലവിൽ ഉണ്ട്. ഫാർമസിയിൽ പുതിയ ഓക്സിജൻ പ്ലാന്റ് പ്രവർത്തന സജ്ജമാണ്. ക്ലീനിംഗ് നിലവാരം ഉയർത്തുന്നതിലേക്കായി പുതിയ മെഷീനുകൾ ഉപയോഗിക്കുന്നു. ഇൻഫെക്ഷൻ കൺട്രോളിന്റെ ഭാഗമായി Link Nurse ആക്ടീവായി വർക്ക് ചെയ്യുന്നു. കാർഡിയോളജി കൺസൾട്ടേഷനുവേണ്ടി രോഗികളെ വളരെ വേഗത്തിൽ എത്തിക്കുന്നതിനുവേണ്ടി Buggy Car കൾ ഉപയോഗിച്ചു വരുന്നു.<br>തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ ട്രോമാകെയർ നിർമ്മാണം പൂർത്തീകരിച്ച ഘട്ടത്തിലാണ്. ഇതിനാവശ്യമായ ഉപകരണങ്ങൾ എല്ലാം തന്നെ മുൻകൂറായി സജ്ജീകരിച്ചിട്ടുണ്ട്. "Commencement of Emergency and Critical Care Department" എന്ന പദ്ധതി തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.<br>മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിലെ അത്യാഹിത വിഭാഗം ശക്തിപ്പെടുത്തുന്നതിന് 65 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. 35 ലക്ഷം രൂപയുടെ പുതിയ ഉപകരണങ്ങളും സജ്ജമാക്കിയിട്ടുണ്ട്. |
| (ബി) | വാഹനാപകടങ്ങളിൽപ്പെടുന്നവരെ അടിയന്തരമായി ആശുപത്രിയിലെത്തിച്ച് ചികിത്സ ലഭ്യമാക്കുന്നതിനായി സൗജന്യ ആംബുലൻസ് ശൃംഖലയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | (ബി) | വാഹനാപകടങ്ങളിൽപ്പെടുന്നവരെ അടിയന്തിരമായി ആശുപത്രിയിലെത്തിച്ച് ചികിത്സ ലഭ്യമാക്കുന്നതിനായി സൗജന്യ ആംബുലൻസ് ശൃംഖലയായ കനിവ് 108 എന്ന പദ്ധതി ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ 2019 സെപ്റ്റംബർ 17 ന് തിരുവനന്തപുരത്ത് വച്ച് ഉത്ഘാടനം നിർവ്വഹിച്ചു റോഡപകടങ്ങളിൽ പൊലിഞ്ഞുപോകുന്ന വിലപ്പെട്ട ജീവനുകൾ പരമാവധി രക്ഷിക്കുക എന്ന സദുദ്ദേശത്തോടെയാണ് സമഗ്ര ട്രോമാകെയർ സംവിധാനത്തിൻറെ ഭാഗമായി കനിവ് 108 എന്നുള്ള ആംബുലൻസ് സേവന ശൃംഖല സംസ്ഥാന വ്യാപകമായി നടപ്പിലാക്കിയിരിക്കുന്നത്. സംസ്ഥാനത്തെ വിവിധ റോഡുകളിൽ റോഡപകടങ്ങൾ ഏറ്റവും കൂടുതൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന 315 ബ്ലാക്ക് സ്പോട്ടുകൾ കേന്ദ്രീകരിച്ച് ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ അപകട സ്ഥലത്തേക്ക് ആംബുലൻസിൻറെ സേവനം എത്തിക്കുവാൻ പറ്റുന്ന തരത്തിൽ 315 ആംബുലൻസുകളാണ് കേരളമൊട്ടാകെ വിന്യസിച്ചിരിക്കുന്നത്. കഴിഞ്ഞ 10 വർഷത്തെ റോഡപകടങ്ങളെ സംബന്ധിക്കുന്ന വിശദ വിവരങ്ങൾ |

| | | | |
|---|---|---|---|
| | | | വിശകലനം ചെയ്ത് അപകടങ്ങൾ ഏറ്റവും കൂടുതൽ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള രാവിലെ 8 മണി മുതൽ രാത്രി 8 വരെ ഉള്ള സമയം നിരത്തിൽ 315 ആംബുലൻസുകളുടെയും സേവനം ലഭ്യമാക്കുന്ന തരത്തിൽ 2 ഗണങ്ങളായാണ് (24 മണിക്കൂർ സേവനം ചെയ്യുന്നവ - 150 ആംബുലൻസുകൾ, അപകടങ്ങൾ ഏറ്റവും കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ 12 മണിക്കൂർ സേവനം ചെയ്യുന്നവ - 165 ആംബുലൻസുകൾ) പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. റോഡപകടങ്ങൾക്ക് പുറമെ ഗർഭിണികളുടെ അടിയന്തിര ആരോഗ്യ പ്രശ്നങ്ങൾ, ഹൃദ്രോഗം, പക്ഷാഘാതം തുടങ്ങിയ വൈദ്യശാസ്ത്രപരമായ അത്യാഹിതങ്ങൾ, അപ്രതീക്ഷിതമായി വന്നു ചേരുന്ന പ്രകൃതി ദുരന്തങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് അടിയന്തിര വൈദ്യസഹായം ലഭ്യമാക്കുന്നതിനും ടി ആംബുലൻസ് ശൃഖലയുടെ പ്രവർത്തനം പരമാവധി പ്രയോജനപ്പെടുത്തുന്നു.<br>പ്രസ്തുത വാഹനങ്ങൾ എല്ലാം തന്നെ ജി.പി.എസ് സംവിധാനം ഘടിപ്പിച്ചവയാണ്. തിരുവനന്തപുരം ടെക്നോപാർക്കിലുള്ള കേന്ദ്രീകൃത കോൾ സെൻറർ മുഖേനയാണ് ആംബുലൻസുകളെ നിയന്ത്രിക്കുന്നത്. പരിശീലനം ലഭിച്ച എമർജൻസി റെസ്പോൺസ് ഓഫീസർമാർ ഈ സേവനം ആവശ്യപ്പെടുന്ന വ്യക്തിയിൽ നിന്ന് സ്ഥലവും അപകടത്തിന്റെ വിശദാംശവും മനസ്സിലാക്കി ജി.പി.എസ്. സംവിധാനത്തിന്റെ സഹായത്തോടുകൂടി ഏറ്റവും അടുത്തുള്ള ആംബുലൻസിനെ ആവശ്യക്കാരന്റെ അടുത്ത് എത്തിച്ച് ആംബുലൻസിലെ എമർജൻസി മെഡിക്കൽ ടെക്നിഷ്യന്റെ പരിശോധനകൾക്ക് ശേഷം വേണ്ട ചികിത്സ ലഭ്യമാകുന്ന ആശുപത്രി തിരഞ്ഞെടുത്ത് എത്രയും പെട്ടെന്ന് എത്തിക്കുക എന്നുള്ളതാണ് അടിസ്ഥാനപരമായി ഈ സർവീസ് കൊണ്ട് ഉദ്ദേശിക്കുന്നത്. പ്രസ്തുത വാഹനങ്ങൾ വിന്യസിച്ചിരിക്കുന്ന ആശുപത്രികളുടെ ജില്ലതിരിച്ചുള്ള പട്ടിക അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (സി) | ലോകോത്തര നിലവാരത്തിലുള്ള ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുന്നതിനായി അപക്സ് ട്രെയിനിംഗ് സിമുലേഷൻ സെന്റർ രൂപീകരിക്കുന്നതിന്റെ പുരോഗതി വ്യക്തമാക്കുമോ; | (സി & ഡി) | തിരുവനന്തപുരം ജനറൽ ആശുപത്രി വളപ്പിൽ നിർമ്മാണം പൂർത്തിയായ കെട്ടിടത്തിലെ, രണ്ടു നിലകൾ 'Apex Simulation Training Centre for Emergency and Trauma Care' എന്ന സ്ഥാപനം തുടങ്ങുന്നതിനായി മാറ്റി വയ്ക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ടാറ്റാ |
| (ഡി) | പ്രസ്തുത സ്ഥാപനം നിലവിൽ വരുന്നത് മൂലം | | |

| | | | |
|---|---|---|---|
| | ഉണ്ടാകുന്ന നേട്ടങ്ങൾ അറിയിക്കുമോ; സ്ഥാപനത്തിലെ പരിശീലനത്തിന്റെ ഭാഗമായുള്ള ട്രെയിനിംഗ് മൊഡ്യൂൾ ഏതൊക്കെ രീതിയിലാണ് ക്രമീകരിക്കുന്നത് എന്നറിയിക്കുമോ? | | ഫൗണ്ടേഷൻ, CIHS എന്നിവയുമായുള്ള സഹകരണത്തോടെ ആരംഭിക്കുന്ന സ്ഥാപനം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ഒരു ട്രെയിനിംഗ് സെന്ററായാണ് പ്രവർത്തിക്കുക. പ്രസ്തുത സ്ഥാപനത്തിൻറെ നിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു നോഡൽ ഓഫീസറെ സർക്കാർ നിയമിച്ചിട്ടുണ്ട്. തടസ്സം കൂടാതെയുള്ള ജലവിതരണ സംവിധാനം ഏർപ്പെടുത്തുന്നതിനായുള്ള പ്രവൃത്തികൾ കൺസൾട്ടന്റായ ബി. എസ്. എൻ. എൽ മുഖാന്തിരം പുരോഗമിച്ചു വരുന്നു.ടി സിമുലേഷൻ സെന്ററിൻെറ സുഗമമായ പ്രവർത്തനങ്ങൾക്ക് 2020-21 വർഷത്തെ ബഡ്ജറ്റിൽ 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br>നിലവിൽ നഴ്സിംഗ് ജീവനക്കാർക്കുള്ള മാനികിൻ ഉപയോഗിച്ചുള്ള ബേസിക് പരിശീലനം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ കോൺഫറൻസ് ഹാളിൽ വച്ച് ആരംഭിച്ചു. ഡോക്ടർമാർക്കുള്ള സിമുലേഷൻ സെന്റർ ഉപയോഗിച്ചുള്ള പരിശീലനം പുതിയ കെട്ടിടത്തിന്റെ പൂർത്തീകരണത്തിന് ശേഷം ആരംഭിക്കുന്നതാണ്. പ്രസ്തുത പരിശീലന കേന്ദ്രം നാഷണൽ/ഇന്റർനാഷണൽ സ്റ്റാന്റേർഡ്സിൽ സജ്ജീകരിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിൽ ഡോക്ടർമാർക്കുള്ള അഡ്വാൻസ്ഡും ബേസിക്കും, നഴ്സുമാർക്കുള്ള മോഡ്യൂളുകൾ, നഴ്സിഗ് അസിസ്റ്റന്റ് ഉൾപ്പെടെയുള്ള മറ്റ് ജീവനക്കാർക്കുള്ള ട്രെയിനിംഗ് മോഡ്യൂളുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. 9000 ജീവനക്കാരെയാണ് ആദ്യ രണ്ടു വർഷത്തിനുള്ളിൽ ആദ്യത്തെ പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിനുശേഷം വകുപ്പിന്റെ തന്നെ പരിശീലകരെ കണ്ടെത്തുകയും അവരിലൂടെ തുടർന്നുള്ള പരിശീലനം മെഡിക്കൽ സ്റ്റുഡന്റ്സ് ഉൾപ്പെടെയുള്ള സമൂഹത്തിന് നല്കുന്നതിന് സാധ്യമാകും. ഇതോടുകൂടി ട്രോമാകെയറിന് വേണ്ടി കേന്ദ്രീകൃത പരിശീലന പദ്ധതി നിലവിൽ വരുന്നതാണ്.. |

**സെക്ഷൻ ഓഫീസർ**

തിരുവനന്തപുരം I

1. Thiruvananthapuram-
   - GH, Thiruvananthapuram
   - GH,Attingal
   - GH, Neyyattinkara
   - THQH, Chirayinkeezhu
   - THQH, Nedumangad
   - CHC, Vizhinjam
2. Kollam
   - DH, Kollam,
   - THQH, Karunagapally
   - THQH , Kottarakkara
   - THQH, Punalur
3. Pathanamthitta
   - GH, Pathanamthitta
   - GH, Adoor
   - THQH, Ranni
   - GH, Thiruvalla
4. Kottayam
   - DH, Kottayam
   - GH, Pala
   - THQH, Kanjirapally
5. Idukki
   - GH, Thodupzuha
   - THQH,Adimaly
   - THQH, Nedumkandam
6. Alappuzha
   - GH, Kayamkulam
   - GH, Alappuzha
   - THQH, Cherthala
   - THQH, Haripad
7. Ernakulam
   - GH , ERNAKULAM
   - THQH, North Paravoor
   - THQH, Aluva
   - THQH, Angamaly
   - THQH, Kothamangalam
   - THQH, Muvattupuzha
8. Thrissur
   - DH, Thrissur

- THQH, Chalakudy

9. Palakkad

- DH, PALAKKAD
- THQH, Alathur
- THQH, Ottapalam
- THQH, Chittoor
- THQH, Pattambi

10.Kozhikode

- GH, Kozhikode
- THQH, Vatakara
- GH, Koyilandy
- THQH, Thamarassery

11.Kannur

- DH, KANNUR
- THQH, Payyannur
- GH, Thalassery
- THQH, Thaliparamba

12. Malappuram

- GH, Malappuram
- THQH, Tirur
- TH, Perinthalmanna

13. Wayanad

- DH, Mananthavady
- DH, Sulthan Bathery

14.Kasargod

- GH, Kasargod
- GH, Kanhangad

Scanned by CamScanner

അനുബന്ധം 2

(അനുബന്ധം.1)

| Alappuzha | | |
|---|---|---|
| Sl.No | Name of the Institution | Service timings |
| 1 | ALAPPUZHA GH | 24hrs |
| 2 | AMBALAPUZHA UHC | 24hrs |
| 3 | AROOR PHC | 24hrs |
| 4 | CHAMPAKULAM CHC | 12hrs |
| 5 | CHENGANOOR THQH | 24hrs |
| 6 | CHERTHALA THQH | 24hrs |
| 7 | EDATHUA CHC | 12hrs |
| 8 | HARIPAD THQH | 24hrs |
| 9 | KAYAMKULAM THQH | 24hrs |
| 10 | MANNAR CHC | 12hrs |
| 11 | MARARIKULAM NORTH PHC | 12hrs |
| 12 | MAVELIKKARA THQH | 12hrs |
| 13 | MUHAMMA CHC | 24hrs |
| 14 | MUTHUKULAM CHC | 12hrs |
| 15 | NOORANAD LH | 12hrs |
| 16 | THRIKKUNNAPUZHA CHC | 12hrs |
| 17 | THURAVOOR SOUTH PHC | 12hrs |
| 18 | VELIYANAD CHC | 24hrs |

| Ernakulam | | |
|---|---|---|
| Sl.No | Name of the Institution | Service timings |
| 1 | ALUVA THQH | 24hrs |
| 2 | ANGAMALY THQH | 12hrs |
| 3 | ASAMANNOOR PHC | 12hrs |
| 4 | AYYAMPUZHA PHC | 12hrs |
| 5 | CHENGAMANAD CHC | 24hrs |
| 6 | CHERANALLOOR CHC | 24hrs |
| 7 | EDAPPALLY CHC | 24hrs |
| 8 | ERNAKULAM GH | 24hrs |
| 9 | KAKKANADU PHC | 24hrs |
| 10 | KARUMALLOOR PHC | 12hrs |
| 11 | KODANAD PHC | 12hrs |
| 12 | KODIKULAM PHC | 12hrs |
| 13 | KOOTHATTUKULAM CHC | 24hrs |
| 14 | KOTHAMANGALAM THQH | 24hrs |
| 15 | KUTTAMPUZHA PHC | 12hrs |
| 16 | MALAYADUMTHURUTHU CHC | 12hrs |
| 17 | MOOVATTUPUZHA GH | 24hrs |
| 18 | MULANTHURUTHY CHC | 24hrs |
| 19 | NERIYAMANGALAM CHC | 24hrs |
| 20 | NETTOOR PHC | 12hrs |
| 21 | NJARAKKAL CHC | 24hrs |
| 22 | NORTH PARAVOOR THQH | 24hrs |
| 23 | PALLARIMANGALAM CHC | 12hrs |
| 24 | PALLURUTHY CHC | 24hrs |
| 25 | PAMPAKUDA CHC | 12hrs |
| 26 | PERUMBAVOOR THQH | 24hrs |
| 27 | PIRAVOM THQH | 12hrs |
| 28 | PUNNAKKAD PHC | 12hrs |
| 29 | THIRUVANKULAM PHC | 24hrs |
| 30 | VADAVUKODU PHC | 12hrs |
| 31 | VALAKOM PHC,MEKKADAMBU | 12hrs |
| 32 | VYPIN THQH | 12hrs |

| Idukki | | |
|---|---|---|
| Sl.No | Name of the Institution | Service timings |
| 1 | ADIMALI THQH | 24hrs |
| 2 | CHATHAMUNNAR (SCP) PHC | 12hrs |
| 3 | CHINNAKKANAL (SCP) PHC | 12hrs |
| 4 | DEVIKULAM CHC | 12hrs |
| 5 | KANCHIYAR PHC | 24hrs |
| 6 | KANTHALLOOR (TSP) PHC | 12hrs |
| 7 | KATTAPPANA CHC | 24hrs |
| 8 | NEDUMKANDOM THQH | 24hrs |
| 9 | PAINAVU DH | 24hrs |
| 10 | PERUVANTHANAM PHC | 12hrs |
| 11 | RAJAKKADU CHC | 12hrs |
| 12 | SANTHANPARA PHC | 12hrs |
| 13 | THODUPUZHA THQH | 24hrs |
| 14 | VANDANMEDU CHC | 12hrs |
| 15 | VANDIPERIYAR CHC | 24hrs |

| Wayanad | | |
|---|---|---|
| Sl.No | Name of the Institution | Service timings |
| 1 | APPAPARA PHC | 12hrs |
| 2 | KALPETTA THQH | 24hrs |
| 3 | MANANTHAVADY DH | 24hrs |
| 4 | MEENANGADI CHC | 24hrs |
| 5 | MEPPADY CHC | 12hrs |
| 6 | NOOLPUZHA FHC | 12hrs |
| 7 | SULTHAN BATHERY THQH | 24hrs |
| 8 | VYTHIRI THQH | 24hrs |
| 9 | PADINJARETHARA PHC | 12hrs |
| 10 | PANAMARAM CHC | 12hrs |
| 11 | PULPALLY CHC | 12hrs |

| Kannur | | |
|---|---|---|
| Sl.No | Name of the Institution | Service timings |
| 1 | AZHEKKODE CHC | 12hrs |
| 2 | CHITTARIPARAMBU PHC | 12hrs |
| 3 | IRIKKUR CHC | 12hrs |
| 4 | IRITTY CHC | 24hrs |
| 5 | IRIVERI CHC | 24hrs |
| 6 | KANNUR DH | 24hrs |
| 7 | KARIVALLUR CHC | 12hrs |
| 8 | KOTTIYOOR PHC | 12hrs |
| 9 | KUTHUPARAMBU THQH | 24hrs |
| 10 | MATTANNOOR CHC | 24hrs |
| 11 | MAYYIL CHC | 12hrs |
| 12 | ODUVALLITHATTU CHC | 12hrs |
| 13 | PANOOR CHC | 12hrs |
| 14 | PAYYANNOOR THQH | 24hrs |
| 15 | PAZHAYANGADI CHC | 12hrs |
| 16 | PERAVOOR THQH | 24hrs |
| 17 | PERINGOME CHC | 12hrs |
| 18 | PINARAYI CHC | 24hrs |
| 19 | THALASSERRY GH | 24hrs |
| 20 | THALIPARAMBA THQH | 24hrs |
| 21 | VALAPATTANAM PHC | 12hrs |

| Kollam | | |
|---|---|---|
| Sl.No | Name of the Institution | Service timings |
| 1 | ARIYANKAVU PHC | 12hrs |
| 2 | CHADAYAMANGALAM CHC | 12hrs |
| 3 | CHATHANNOOR CHC | 24hrs |
| 4 | KADAKKAL THQH | 12hrs |
| 5 | KARUNAGAPPALLY THQH | 24hrs |
| 6 | KOTTARAKARA THQH | 24hrs |
| 7 | KULATHUPUZHA CHC | 12hrs |
| 8 | KUNDARA THQH | 12hrs |
| 9 | NEDUVATHOOR PHC | 12hrs |
| 10 | NEENDAKARA CHC | 24hrs |
| 11 | NILAMEL CHC | 24hrs |
| 12 | OACHIRA CHC | 12hrs |
| 13 | PALATHARA CHC | 12hrs |
| 14 | PARIPPALLY MCH | 24hrs |
| 15 | PATHANAPURAM CHC | 24hrs |
| 16 | PUNALUR THQH | 24hrs |
| 17 | SASTHAMCOTTA THQH | 12hrs |
| 18 | THRIKKADAVUR CHC | 12hrs |
| 19 | VELINALLOOR CHC | 12hrs |
| 20 | VICTORIA HOSPITAL,KOLLAM | 24hrs |
| 21 | VILAKKUDI PHC | 12hrs |

| Kasaragod | | |
|---|---|---|
| Sl.No | Name of the Institution | Service timings |
| 1 | BEDADUKA CHC | 24hrs |
| 2 | BEDIYADUKA CHC | 12hrs |
| 3 | CHERUVATHUR CHC | 24hrs |
| 4 | DH KASARGODE | 24hrs |
| 5 | KANHANGAD DH | 24hrs |
| 6 | KUMBALA CHC | 24hrs |
| 7 | MANGALPADY CHC | 24hrs |
| 8 | MANJESWAR CHC | 12hrs |
| 9 | MULLIYAAR CHC | 12hrs |
| 10 | PANATHADI THQH | 24hrs |
| 11 | PERIYA CHC | 12hrs |
| 12 | TRIKKARIPPUR THQH | 12hrs |
| 13 | UDUMA FHC | 12hrs |
| 14 | VELLARIKKUND PHC | 12hrs |

| Kottayam | | |
|---|---|---|
| Sl.No | Name of the Institution | Service timings |
| 1 | AYARKUNNAM PHC | 12hrs |
| 2 | CHANGANASSERY THQH | 24hrs |
| 3 | EDAMARUK CHC | 12hrs |
| 4 | ERATTUPETTA FHC | 12hrs |
| 5 | ERUMELI CHC | 24hrs |
| 6 | KANJIRAPPILLY THQH | 24hrs |
| 7 | KOTTAYAM DH | 24hrs |
| 8 | KUMARAKOM CHC | 24hrs |
| 9 | KURAVILANGADU THQH | 24hrs |
| 10 | MUNDAKAYAM CHC | 12hrs |
| 11 | PAIKA CHC | 24hrs |
| 12 | PALA GH | 12hrs |
| 13 | RAMAPURAM CHC | 12hrs |
| 14 | THALAYOLAPARAMBU CHC | 12hrs |
| 15 | THOTTAKKADU CHC | 12hrs |
| 16 | VAIKOM THQH | 24hrs |
| 17 | VAZHOOR PHC | 12hrs |

| Kozhikode | | |
|---|---|---|
| Sl.No | Name of the Institution | Service timings |
| 1 | ARIKULAM PHC | 12hrs |
| 2 | AZHIYOOR PHC | 12hrs |
| 3 | BADAGARA THQH | 24hrs |
| 4 | CHALIYAM PHC | 12hrs |
| 5 | CHEKKAYADU PHC | 12hrs |
| 6 | CHENGAROTH PHC | 12hrs |
| 7 | CHERUVANNUR CHC | 24hrs |
| 8 | FEROQ THQH | 12hrs |
| 9 | GRD VADAKARA(FHC) | 12hrs |
| 10 | KAKKODI PHC | 12hrs |
| 11 | KODENCHERRY PHC | 12hrs |
| 12 | KODUVALLY CHC | 12hrs |
| 13 | KOLATHUR PHC | 12hrs |
| 14 | KOZHIKODE MCH | 24hrs |
| 15 | KUTTIADI THQH | 24hrs |
| 16 | MADAPPALLY PHC | 12hrs |
| 17 | MADAVOOR PHC | 12hrs |
| 18 | MOKKOM CHC | 24hrs |
| 19 | NADAPURAM THQH | 12hrs |
| 20 | NOCHAD PHC | 12hrs |
| 21 | OLAVANNA CHC | 24hrs |
| 22 | PERAMBRA THQH | 24hrs |
| 23 | PUDUPADY PHC | 24hrs |
| 24 | QUILANDI THQH | 24hrs |
| 25 | RAMANATTUKARA PHC | 24hrs |
| 26 | THAMARASERRY THQH | 24hrs |
| 27 | THIRUVALLOOR CHC | 24hrs |
| 28 | THIRUVANGOOR CHC | 24hrs |
| 29 | VALAYAM CHC | 12hrs |
| 30 | VANIMAL PHC | 12hrs |
| 31 | WOMEN AND CHILDREN HOSPITAL KOZHIKODE | 24hrs |

| Malappuram | | |
|---|---|---|
| Sl.No | Name of the Institution | Service timings |
| 1 | AREEKKODE TH | 24hrs |
| 2 | CHERIYAMUNDOM PHC | 12hrs |
| 3 | CHOKKAD PHC | 12hrs |
| 4 | EDAPPAL CHC | 24hrs |
| 5 | EDAVANNA CHC | 12hrs |
| 6 | ELAMKULAM PHC | 12hrs |
| 7 | IRUMBILIYAM PHC | 12hrs |
| 8 | KARUVARAKUNDU CHC | 12hrs |
| 9 | KAVANOOR PHC | 12hrs |
| 10 | KONDOTTY PHC | 12hrs |
| 11 | KUTTIPURAM CHC | 24hrs |
| 12 | MALAPPURAM THQH | 24hrs |
| 13 | MANJERI DH | 24hrs |
| 14 | MARANCHERRY PHC | 12hrs |
| 15 | NANNMUKKU PHC | 12hrs |
| 16 | NILAMBUR THQH | 24hrs |
| 17 | PANDIKAD PHC | 12hrs |
| 18 | PANG PHC | 12hrs |
| 19 | PERINTHALMANNA THQH | 24hrs |
| 20 | PERUVALLOOR PHC | 24hrs |
| 21 | PONNANI THQH | 24hrs |
| 22 | POTHUKAL PHC | 12hrs |
| 23 | PUZHAKKATTIRI CHC | 12hrs |
| 24 | TANUR CHC | 12hrs |
| 25 | THIRUNAVAYA PHC | 12hrs |
| 26 | TIRUR THQH | 24hrs |
| 27 | TIRURANGADI THQH | 24hrs |
| 28 | URANGATHIRI (TSP) PHC | 12hrs |
| 29 | VAZHAYUR PHC | 12hrs |
| 30 | VAZHIKKADAVU CHC | 24hrs |
| 31 | VENGARA CHC | 24hrs |
| 32 | WANDOOR CHC | 24hrs |

| Palakkad | | |
|---|---|---|
| Sl.No | Name of the Institution | Service timings |
| 1 | ALANALLUR CHC | 24hrs |
| 2 | AMBALAPPARA CHC | 12hrs |
| 3 | CHALAVARA CHC | 12hrs |
| 4 | CHERPALASSERI CHC | 24hrs |
| 5 | CHITTUR THQH | 24hrs |
| 6 | ELAPPULLY THQH | 12hrs |
| 7 | KALLADIKODE PHC | 12hrs |
| 8 | KAPPUR PHC | 12hrs |
| 9 | KODUVAYOOR CHC | 12hrs |
| 10 | KONGADU PHC | 12hrs |
| 11 | KOTTATHARA GTH | 24hrs |
| 12 | KOZHINHAMPARA CHC | 24hrs |
| 13 | KUMARANALLUR PHC | 12hrs |
| 14 | KUZHALMANDOM CHC | 24hrs |
| 15 | MALAMPUZHA PHC | 12hrs |
| 16 | MANNARKKADU THQH | 24hrs |
| 17 | NELLIAMPATHY PHC | 12hrs |
| 18 | NENMARA CHC | 24hrs |
| 19 | OTTAPPALAM THQH | 24hrs |
| 20 | PALAKKAD DH | 24hrs |
| 21 | PARAMBIUKKULAM PHC | 12hrs |
| 22 | PATTAMBI THQH | 24hrs |
| 23 | PAZHAMPALAKKODE CHC | 12hrs |
| 24 | PUTHUSSERRI PHC | 12hrs |
| 25 | SHORNUR GH | 24hrs |
| 26 | THACHAMPARA PHC | 12hrs |
| 27 | THRITHTHALA CHC | 12hrs |
| 28 | VADAKKENCHERRY CHC | 24hrs |

| Thiruvananthapuram | | |
|---|---|---|
| Sl.No | Name of the Institution | Service timings |

| | | |
|---|---|---|
| 1 | ARYANADU PHC | 12hrs |
| 2 | ATTINGAL CHC | 24hrs |
| 3 | BALARAMAPURAM FHC | 24hrs |
| 4 | CHIRAYINKIL THQH | 24hrs |
| 5 | GD MLA HOSTEL | 24hrs |
| 6 | KALLARA CHC | 12hrs |
| 7 | KANYAKULANAGARA CHC | 12hrs |
| 8 | KATTAKADA CHC | 24hrs |
| 9 | KESAVAPURAM CHC | 24hrs |
| 10 | MALAYINKEEZHU CHC | 24hrs |
| 11 | MANGALAPURAM PHC | 24hrs |
| 12 | NAVAYIKKULAM PHC | 12hrs |
| 13 | NEDUMANGAD THQH | 24hrs |
| 14 | NEMOM CHC | 12hrs |
| 15 | NEYYATTINKARA THQH | 24hrs |
| 16 | PALODE CHC | 12hrs |
| 17 | PARASALA THQH | 24hrs |
| 18 | PEROORKADA DH | 24hrs |
| 19 | POOVAR CHC | 12hrs |
| 20 | TECHNOPARK | 24hrs |
| 21 | VALIYATHURA PHC | 24hrs |
| 22 | VAMANAPURAM PHC | 24hrs |
| 23 | VARKALA THQH | 24hrs |
| 24 | VATTIYOORKAVU PHC | 12hrs |
| 25 | VELLANAD CHC | 12hrs |
| 26 | VELLARADA CHC | 24hrs |
| 27 | VITHURA CHC | 12hrs |
| 28 | VIZHINJAM CHC | 24hrs |

| Thrissur | | |
|---|---|---|
| Sl.No | Name of the Institution | Service timings |

| | | |
|---|---|---|
| 1 | ALAPPAD CHC | 12hrs |
| 2 | ALOOR CHC | 12hrs |
| 3 | ANTHIKKADU CHC | 12hrs |
| 4 | CHALAKUDY THQH | 24hrs |
| 5 | CHAVAKKAD THQH | 24hrs |
| 6 | CHELAKKARA CHC | 12hrs |
| 7 | CHERPU CHC | 12hrs |
| 8 | DESAMANGALAM FHC | 12hrs |
| 9 | ERUMAPETTY CHC | 12hrs |
| 10 | IRINJALAKKUDA GH | 24hrs |
| 11 | KODAKKARA PHC | 12hrs |
| 12 | KODUNGALLUR THQH | 24hrs |
| 13 | KUNNAMKULAM THQH | 24hrs |
| 14 | MG CAVU PHC | 12hrs |
| 15 | MUNDOOR FHC | 24hrs |
| 16 | OLLUR CHC | 12hrs |
| 17 | PATTIKKADU PHC | 24hrs |
| 18 | PAZHANHI CHC | 12hrs |
| 19 | PERINJANAM CHC | 12hrs |
| 20 | POOKKODE,GVR PHC | 12hrs |
| 21 | PORITHUSSERRI PHC | 12hrs |
| 22 | PUTHENCHIRA CHC | 12hrs |
| 23 | PUTHUKKAD CHC | 24hrs |
| 24 | THIRUVILAMALA CHC | 12hrs |
| 25 | THRIPRAYAR CHC | 24hrs |
| 26 | THRISSUR DH | 24hrs |
| 27 | VADAKKEKADU CHC | 12hrs |
| 28 | VALAPPADU CHC | 24hrs |
| 29 | VANIAMPARA (TSP) PHC | 24hrs |
| 30 | VARAVOOR PHC | 12hrs |
| 31 | VETTILAPPARA PHC | 12hrs |
| 32 | WADAKKANCHERRY THQH | 24hrs |

| Pathanamthitta | | |
|---|---|---|
| Sl.No | Name of the Institution | Service timings |
| 1 | ADOOR GH | 24hrs |
| 2 | CHITTAR CHC | 12hrs |

| | | |
|---|---|---|
| 3 | ENADIMANGALAM CHC | 12hrs |
| 4 | EZHUMATTOOR CHC | 12hrs |
| 5 | KOKKATHODE PHC | 12hrs |
| 6 | KONNI THQH | 12hrs |
| 7 | KOZHENCHERRY DH | 24hrs |
| 8 | MALLAPPALLY (WEST) THQH | 24hrs |
| 9 | MC CHERIAN MEMORIAL(RANNI) THQH | 24hrs |
| 10 | PALLIKKAL FHC | 12hrs |
| 11 | PANTHALAM FHC | 12hrs |
| 12 | PATHANAMTHIITA GH | 24hrs |
| 13 | THIRUVALLA THQH | 24hrs |
| 14 | VADASSERIKARA PHC | 24hrs |
| 15 | VECHOCHIRA CHC | 12hrs |

സെക്ഷൻ ഓഫീസർ